# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 33**

**29/10/2019-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ. എൽദോ എബ്രഹാം : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരളം ആസ്ഥാനമായി ഏറ്റവും വലിയ ബാങ്കാകാൻ ശേഷിയുള്ള കേരള ബാങ്ക് എന്നത്തേക്ക് രൂപീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | റിസർവ്വ് ബാങ്കിന്റെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയിൽ നിലവിലുള്ള സഹകരണ നിയമം 14 A സംബന്ധിച്ച കേസുകളിലെ തീർപ്പിന് വിധേയമായി കേരള ബാങ്ക് സമയബന്ധിതമായി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | റിസർവ് ബാങ്കും നബാർഡും മുന്നോട്ടുവച്ച എല്ലാ നിബന്ധനകളും അംഗീകരിച്ചാണോ കേരള ബാങ്കിന് അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ, | (ബി) | 19 നിബന്ധനകൾക്ക് വിധേയമായാണ് റിസർവ്വ് ബാങ്ക് കേരള ബാങ്കിന് തത്വത്തിലുള്ള അനുമതി നൽകിയിരുന്നത്. പ്രസ്തുത നിബന്ധനകളിൽ ലയനത്തിന് മുൻപ് പാലിക്കേണ്ടവ പാലിച്ചാണ് അന്തിമ അനുമതിക്ക് അപേക്ഷിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് റിസർവ്വ് ബാങ്ക് അന്തിമ അനുമതി നൽകിയത്. |
| (സി) | സഹകരണ നിയമത്തിൽ എന്തൊക്കെ ഭേദഗതികളാണ് കേരള ബാങ്കിന്റെ രൂപീകരണത്തിന് വേണ്ടിവരുന്നത് എന്നറിയിക്കുമോ, | (സി) | സഹകരണ നിയമത്തിൽ കേരള നിയമസഭ പാസ്സാക്കിയ 2019 ലെ 1 )ാം ആക്ട് പ്രകാരമുള്ള ഭേദഗതികളാണ് കേരള ബാങ്കിന്റെ രൂപീകരണത്തിന് വേണ്ടിവരുന്നത്. |
| (ഡി) | പ്രസ്തുത ബാങ്ക് നിലവിൽ വരുന്നതിന് എന്തൊക്കെ പ്രതിബന്ധങ്ങളുണ്ടെന്നും ആയത് എന്നത്തേക്ക് മറികടക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കുവാൻ സാധിക്കു. പ്രസ്തുത കേസുകൾ ബഹു. കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ